**ശൂർപ്പണഖ**

**ഈരേഴാണ്ട് വനത്തില് വാഴുവതിനായ് രാമന് തഥാ ലക്ഷ്മണന്**

**ഭൂമീ നന്ദിനിയൊത്ത്  കാനനമതിൽ നീളെ ഗമിക്കും വിധൌ**

**പൂഞ്ചോല ക്കുളിരാർന്നു താമരമണം കൈക്കൊണ്ടു മന്ദാനിലന്**

**വീശും നേരമുലഞ്ഞ സീതയൊട് നല്  ഭാഷ്യങ്ങളോതീ ഹരി**

സുരുട്ടി

ദശരഥാജ്ഞ പാലിപ്പതിനായ് നിജ സഹജനായസൌമിത്രി യൊടൊത്തും

ജനകനന്ദിനി യുമൊത്തു രാഘവന് അടവിയില് വാണിടുന്നൊരു കാലം

നദികളും മാമരങ്ങൾ തിങ്ങുന്ന മലകളും താഴ് വരകളും

കടുവ കാട്ടാന കരടികൾ വാണ ഗഹനവും താണ്ടി രഘു വരൻ

മുനികൾ പാർക്കുന്ന ഗുഹകളും കടന്നവരണഞ്ഞു നല് പഞ്ചവടിയതില്

കുടിലുമൊന്നു പണിയുന്നതിനു നിജ സഹജനോടോതി രാമനും.

രാമന് കല്യാണി

മഞ്ജു ഭാഷിണി മൈഥിലി മന്ദ മാരുതൻ /ചാമരം വീശിടുന്ന

കാനനം പൂവണിഞ്ഞു/ വാസന്ത ഗാനങ്ങൾ  പാടുന്നു പുംസ്കോകിലം.

വന്യ മാനസം പൂണ്ട മാനുഷർ/ തങ്ങിടുന്ന നാടിലും മോഹനം

സാധു  ജീവികള് വാണിടുന്നൊരീ കാനനം  തന്നെ യാണ് ജാനകി

പാതി മെയ് സീതയാകിലും മറ്റു പാതി മെയ്യാണ് നീ സഹോദരാ

നീ യിവൾക്ക് ജാതനായിടാതൊരു തനയനെന്നു വിശ്വസിച്ചിടേണം

സീത ആനന്ദ ഭൈരവി

രാമാ കാരണ മോലാതൊരു ഭയമെന്നകതാരിൽ തെളിയുന്നു.

കാണുമ്പോൾ പ്രിയതരമായുള്ളവ യുണ്ണുമ്പോള് വിഷമയമാമെന്നു

പറഞ്ഞീടുന്നെൻ മനതാരും നീ ഒന്നും കരുതരുതേ

കയറായ് സർപ്പമണഞ്ഞു  സ്മൃതിയി ല് മാനായ് പുലി വെന്നെന് കിനാവതില്

പാലും വിഷമയമായി തീരുന്നു  കനിയായ് കാഞ്ഞിരവും കുനിയുന്നു

ഞാനോ നിൻ നിഴലായ് വന് കാട്ടില് അലഞ്ഞു നടകൊണ്ടീടുന്നു.

ലക്ഷ്മണൻ സാവേരി

ജനനീ തവാജ്ഞകള് പാലിപ്പതിന്നായി സന്നദ്ധനീ ലക്ഷമണന്

മൈഥിലീ-രാഘവസംരക്ഷണം മമ കർത്തവ്യമറിക നിങ്ങള്

ദശരഥൻ ആണെനിക്കങ്ങു രാമാ നീയോ സുമിത്ര എനിക്കു ദേവീ

നിങ്ങൾ തന് സേവനമെനിക്കെന് തപസ്സെന്ന തറിയണം നിങ്ങളെന്നും

**രാവണ സോദരി ശൂർപ്പണഖക്കൊരു നന്ദനനാകിയ ശംഭു കുമാരന്**

**പന്നഗ ഭൂഷനൻ ആകിയ ശംഭുവില് നിന്നു വരം കൈക്കൊൾവതിനായി**

**പഞ്ച വടീ വന സീമയിൽ വന്നു കടുത്ത തപസ്സു തുടങ്ങിയ കാലം**

**സീതാ ലക്ഷ്മണരൊത്ത് വനത്തില് വന്നെത്തീ ശ്രീ രാമകുമാരന്**

ശംഭു കുമാരൻ ആഹരി അടന്ത

ഹിമകര ചൂഡന്  തന്നുടെ ഭജനം തടയിടാന്

ഇഹ വന്നവരാർ മുനികുമാരരോ യമദേവകളോ

എതിരിടുവതിനായ്  എതിർവന്നിടുകില് ദൈത്യനഹം

വെറുതെ വിടില്ലെന്നിവരറിയേണം സു നിശ്ചയം

ത്രിപുട

??ജടയുമന്പോടു കെട്ടി മരവുരി ചുറ്റി യിങ്ങണയുന്ന രണ്ടു

യുവാക്കളൊത്തൊരു മന്ദ ഗാമിനി മങ്ക യിങ്ങണയുന്നതാരോ

പാണിയും പാദാന്ഗുലികളും നേത്രവും സ്തന ഭാരവും

കാമദേവനൊരായുധപ്പുര  തീർത്തിടുന്ന/വ്യാജമായ്

മുറിയടന്ത

??കണ്ടാൽ തപസ്വിനി യാകിലും നല്ല മനസ്വിനി യാണിവള് തോന്നിടുന്നു.

സതിയാകിലും രതീ ഭാവമെന്നുള്ളിൽ നിറക്കുന്നിവള് കുച കുംഭങ്ങളാല്

വരാളി ചെമ്പട

വിരലുകൾ വിറയാർന്നീടുന്നിവള് തന് മുടിയിഴകളിലൂടൊഴുകാന്

ഗളനാളങ്ങൾ തഴുകാന് കുച കുഡ്മളമതില്രാഗ

ലേഖനമെഴുതാൻ... മതി നിനവിന്നിവളാ നദിയിൽ സ്നാനം ചെയ്യുവതും കാണാം.

(സീത നദിയിൽ കുളിക്കാനിറങ്ങുന്നു ശംഭു കുമാരന് അദൃശ്യനായി സീതയെ കാണാൻ വരുന്നു. വസ്ത്രം അഴിക്കുംപോൾ തന്നെ സീതയ്ക്ക് തന്നെ ആരോ നിരീക്ഷിക്കുന്ന തോന്നൽ ഉണ്ടാകുന്നു..കടവിൽ നിന്നും കയറി ലക്ഷ്മണനെ വിളിക്കുന്നു..)

**പര്ണ്ണാശ്രമവുമൊരുക്കിയവർ കായ് കനിക ൾ ഭുജിച്ചു വസിക്കും കാലം**

**ശംഭു കുമാരൻ ജാനകിയെക്കണ്ടധിക മനോജ വികാരം പൂണ്ടും**

**ഒരു മരമായ് നിന്നവനൊരു മായാ നേത്രം കൊണ്ട് ധരാത്മജ തന്നെ**

**കൺ ഭോഗം ചെയ്യുന്നളവി ല് സീതക്കുളവായൊരു സന്ദേഹം**

സീത

നീരാംബികയാം മാതാവേ നീ എന്നുടലിലെഴും എന്നുയിരിലെഴും എൻ നിനവിലെഴും അഴുക്കു നിന്നുടെ ഒഴുക്കിലലിയിച്ചെന്നുടെ ജന്മം പവിത്രമാക്കേണം.

ഏതോ ദുര്നേത്രശരങ്ങൾ മമ ദേഹം കാണ്മതിനായി

തുളച്ചു കയറുന്നെന്നുടലിൽ... മുറിപ്പെടുത്തുന്നെന്നുടലില്.

മകനെ അരികത്തോടിയണഞ്ഞിടുകെന്നുടെ നികടേ ലക്ഷ്മണ നീ.

(ലക്ഷ്മണൻ ഓടി വരുന്നു. ശംഭു കുമാരൻ ഒരു മരമായി നദിക്കരയില് നിൽക്കുന്നു.)

ഇക്കരയിലിന്നലെ വരേക്കുമില്ലൊരു മരം

ഇത്തരമൊരാൽ മരം കണ്ടതുമില്ല ഞാൻ

ഏതോ വിടൻ വട വൃക്ഷ രൂപം ധരിച്ചിങ്ങ് വാഴുന്നെന്നു കരുതുന്നഹം

പ്രച്ഹന്ന വേഷനായ് ദേവിയെ കണ്ടിടാന് ആര്ത്തുലഞ്ഞിങ്ങിവന് വാണിടുന്നു.

വെട്ടി വീഴ്ത്തുന്നിതാ കണ്ടിടാം മായതന്

പ്രത്യക്ഷ കേളികള് ഝടിതി ഝടിതി

(ലക്ഷ്മണൻ മരം മുറിക്കുവാന് തുടങ്ങുന്നു. ശംഭു കുമാരൻ പുറത്തേക്കു ചാടി ഓടുന്നു)

ലക്ഷ്മണൻ മുറിയടന്ത

ഒളിച്ചും പാത്തും നടന്നീ നദീ തീരത്ത് വന്നെന്നുടെ

ദേവിതന് നീരാട്ട് കണ്ടു രസിപ്പതിന്നിഹ വന്ന നിൻ

ചെമ്പട

വപുസിൽ  മസ്തകം ചേർത്ത് വസിക്കേണ മെങ്കിലോ നീ

ഉടനെ വിട്ടോടുക നീ പഞ്ചവടിയും

ശംഭു കുമാരൻ

ദശമുഖന് തന്നുടെ  ഭാഗിനേയന് ഞാന് ശൂർപ്പണഖക്കൊരു പുത്രനഹോ

ആശിച്ചതൊന്നിനെ ഞാനും ത്യജിച്ചതില്ലെന്നറിക

യോഗി വേഷ ധാരിയായ മാനുഷാധമാ

~~ഇപ്പുഴയിലിവളുടെ ദേഹവും ചുംബിച്ച മീനുകൽക്കായഹം നൽകിടും~~

~~നിന്നുടെ ഗാത്രവും ഖണ്ഡിച്ചു ഖണ്ഡിച്ചു തിന്നട്ടെ മോദിച്ചിടട്ടെ യിവർ.~~

(കാര്മുകത്തിനിന്നു വിശ്രമം കൊടുത്തിടാൻ നിനച്ചു
വാണിടാനനുവദിക്കുകില്ലയെങ്കില്  നിന്റെ മാറി-ടം

പിളർന്നു മസ്തകം തകർത്തു ഗര്വ്വഭംഗ മിന്നു ഞാൻ നടത്തി

യെന്റെ കർമ്മ ധർമ്മ വും നടത്തിടാമുടൻ

(ലക്ഷ്മണനും ശംഭു കുമാരനും ചേർന്ന് യുദ്ധം നടക്കുന്നു ശംഭുകുമാരന് മരിക്കുന്നു.. അയാളുടെ കിരീടം എടുത്തു വക്കുന്നു )

**തനയൻ ഘോര തപസ്സിനാ ല് വരമതെന്താണു കൈകൊണ്ടതും**

**പരിചോടൊന്നറിവായിടാന് ദശമുഖ ൻ തൻ സോദരീ രത്നമാം**

**ശൂർപ്പം പോ ൽ നഖമുള്ളൊരാ ദനുജയും രാമന് വസിക്കും വനേ**

**വന്നേരം രഘു രാമനെ നിറയുമാ കണ്പാർത്തു ചോന്നാളവ ള്**

ശൂർപ്പണഖ ദൂരെ രാമ ലക്ഷ്മണന്മാരെ കണ്ടു സ്വഗതം.

മതി വാന (മനസാകുന്ന ആകാശം)ത്തിലുദിച്ചോരു പാർവ്വണ വിധുവാണീ മനുജൻ

മധു പൂരിത മാനസ സരസിലെഴും നിഴലാണിവനനുജൻ

അഴകാർക്കാണധികം അഗ്രജനോ മിഴിവാർക്കാണധികം അനുചരനോ

ഒന്നായുള്ളോരിവരെ കണ്ടാൽ രണ്ടെന്നൂഹിപ്പതു ഞാനോ

മണ്ടി യെനിക്കിരുവരിലോരുവനെയി

ന്നെന്റെ താക്കണമുടനെ.

കഴിവോർക്കില് തുല്യതയാലിവരെ കുഴയുന്നു പരിമാണമതിന്നായ്

ശ്യാമളനിവനെന്നാകിൽ ശ്യാമള മല്ലോ മമതനുവും.

കോമളനനുജനതാകില് ഞാനും കോമള കേശിനി അല്ലോ.

പ്രണയം കോർത്ത മലര് മാല്യമിവന് കണ്ഠമതില് ചാര്ത്തീടാന്

ഇനിയെന്തിനു വൈകീടണമിവനെ ഒന്ന് പുണർന്നീടാന്.

രാമനടുത്തെക്ക് വരുന്നു.

**ആരെ വേൾക്കണ മെന്നു തോന്നുകിലവന് തന്നെ വരിക്കാ ൻ നിന-**

**ക്കേകുന്നു നിയമം നിനക്ക് സഹജേ ഞാൻ പംക്തി കണ്ഠ ൻ മുദാ.**

**എന്നുള്ളൊരു വചസ്സു മോര്ത്തു രഘുരാമൻ തന്റെ നേർക്കാ നിശാ**

**സഞ്ചാരീ മണി വന്നണഞ്ഞുട നവൻ തന്നോടു ചൊന്നാന് ഗിരം**

പുളകം പൂത്തുലഞ്ഞൊരന്തരംഗവും അടിയനുടെ

രാഗം പാടിടുമംഗോപാംഗവും

നിൻ പദതാരിലിതാ ഞാനർപ്പിപ്പതു കൈ കൊള്ളുക നീ.

പദയുഗള മതിൽ വീഴ് വോരെ പദ താഡനമത് ചെയ്യരുതേ

പെരെന്താകിലുമൂരെന്താകിലു മീ മരവുരി മൂടുന്നോരുടലെന്

നാഡി കളിൽ സൌദാമിനി യായ് മിന്നി പ്പടരുന്നൂ ത്രുഷ്ണകളായ്

രാമൻ പഞ്ചാരി

വാഗ്വിലാസിനി നിൻ പ്രശംസകള്

കൌതുകങ്ങളായ് തീർന്നെനിക്കു ഹാ

ധർമ്മ പത്നിയാം സീതയോത്തു ഞാന്  വാഴവെ എനിക്കാവതില്ല നിന്

കാന്തനായിടാനെന്നു ചൊല്ലുവാന് ഖേദമുണ്ടാഹോ ശ്യാമളാംഗി കേള്

ലക്ഷ്മണൻ സദാ വീത ദാരനായ് വാഴ്വതുണ്ടതാ മാമകാനുജന്

പോക നീയവൻ തന് സമീപവും കേട്ടുകൊൾക നിന് വാഞ്ഛിതങ്ങളും

ലക്ഷ്മണന് നീയില്ലെങ്കിൽ നിന് നിഴലായുള്ളവനെ വേള്ക്കാം ഞാന്.

ശൂർപ്പണഖ ലക്ഷ്മണ സമീപം ചെല്ലുന്നു.

നീയാണവനെന്നോര്ത്താൽ നിന്നെ

പൂണാൻ കൊതിയെന്നകതാരില്.

ഇവനൊരു പാർവ്വണ ചന്ദ്രനതെങ്കില് നീയൊരു ചന്ദ്രികയല്ലോ

വൽക്കലവും ജടയും മുടിയും നിൻസൂര്യ തുല്യമാമംഗ ശോഭയില്

മേചക മെന്നത് പോൽ വിലസുന്നത്കാൺകെ മോഹിതയാകുന്നു ഞാന്.

ഒന്നായ്  തീരാന് ഇന്ന് നമുക്കിനി വയ്യാ താമസവും.

ലക്ഷ്മണൻ ചെമ്പ ജനരഞ്ജിനി

വരണ പരിരംഭണം ചെയ് വതിനല്ലിഹ

വന്നതും ഞാനെന്നറിക നീ പെണ് കോടി

കാമമില്ലെന്നുടെ മാനസേ തെല്ലുമേ

രാമനാണുള്ളതെന്നറിയുക വിവശെ

രാമ സീതാ  പദ സേവനം മാത്രമൊരു

ലക്ഷ്യമെനിക്കിന്നു മാര പരവശേ

പോക നീ യെങ്ങാനുമിങ്ങു നിന്നെങ്കിലും

ഞാനല്ല നിന്നനുരൂപനായുള്ളവൻ.

ശൂർപ്പണഖ

~~എൻ പ്രാർഥന വെടിയാനായോ മുനി കുമാരാ നീ~~

~~കാമിനി യെന്നുടെ കാമം സൂര്യന് തേജസ്സതു പോലറിവായോ~~

~~നീയോ നിന്നുടെ നിഴലായുള്ളൊരു സോദരനോ ഇന്നെന്നുടെ പതിയായ്~~

~~തീർന്നീടണമല്ലായ്കില് പണി യായീടും തവ നിയതം.~~

~~രാമൻ~~

~~ചകിതേ എന്നുടെ  സോദര നികടെ  ചെന്നുടനെ നിൻ ഉടയോ~~

~~നാകാൻ  അഭ്യർഥിച്ചീടേണം ഉടനെ.~~

ശൂർപ്പണഖ വരാളി

മേനി കൊതിക്കുന്നാശ്ലേഷങ്ങൾക്കായണയുക ലക്ഷ്മണ നീ ഉള്-

ത്താര് കിതക്കുന്നതി ചടുലം പുണരാവൂ നിന്നുടൽ ഞാന്

ത്രാസം കൊള്ളുന്നെന്നധരങ്ങൾ ക്കേകുക നിന്നോഷ്ഠം

ഹാ കഷ്ടം പോള്ളുന്നെന്നുടലിൽ ശീതള മോലുക നീ

ലക്ഷ്മണൻ

ഇഷ്ടപ്പെടാതുള്ള മർത്യനെ വിക്രമം കൊണ്ട് പുണരാന് തുനിയുന്ന
കുല്സിതെ

കൈകൾ  വെടിയുക ആശ്ലേഷ ബന്ധനം ചെയ്തിടാതിന്നോഴിവാക്കുക നീ.

ശൂർപ്പണഖ പന്തുവരാളി

മോഹിച്ചത്  നേടുന്നവളീ ഞാൻ കാമിപ്പതു പാനം ചെയ് വോള്

ആസുര നാഥ ദശാസ്യനു  സോദരി യായൊരു ശൂർപ്പണഖാഖ്യയഹം.

പാഴാക്കില്ലെൻ നൊമ്പരമൊന്നും വീണ് വാക്കല്ല വചസ്സുകളും

നാഭിയിൽ നിന്നുയിരാണ്ടൊരു കാമ-ഫണി ക്കേകില്ലാ മാരണവും.

ലക്ഷ്മണൻ

എങ്കിൽ തവ  സുത കഥയൊന്നു ചൊല്ലിടാനുണ്ട് നിശാചരി കേള്

ശൂർപ്പണഖെ നിന്റെ പുത്രനണിഞ്ഞൊരു ഖോലകം കണ്ടു കൊള് നീ

ജേഷ്ടന്റെ പത്നിയെ കാമിച്ചസഭ്യങ്ങള് ചെയ്തതിനു ദണ്ഡമീ വധ ശിക്ഷയും

നീയുമീ മാർഗ്ഗേ ചരിക്കില് നിനക്കുമീ ശിക്ഷ ലഭിച്ചിട്ടും ദാനവീ  കേള്

ശൂർപ്പണഖ

സഹിപ്പതിന്നാകില്ലെനിക്ക് ഹാ മകനെ ഈ കാഴ്ചയഹോ കഷ്ടം
യുവത്വമാകുന്നതിനു മുൻപ് നീ മരിച്ചതിനു കാരണമായവളെ

പിടിച്ചു ഞാൻ ഞെരിച്ചു കൊല്ലുവതിനു

തിടുക്കമായെനിക്ക് മകനെ.

ഇവളാണെന്നുടെ മകന്റെ ഘാതക യിവളെ കൊല്ലാതെന്നുടെ ഹൃദയം

തപിച്ചിടുന്നത് തടുക്കുവാനായ് കൊന്നു ഭുജിച്ചിടുമിവളെ ഞാൻ.

ശൂർപ്പണഖ സീതയെ പിടിച്ചു  പറന്നുയരുന്നു.. ലക്ഷ്മണൻ പിന് തുടർന്നു
അവളെ പിടിച്ചു  ശിക്ഷിക്കുന്നു.

----------------------------------

നാസം മുറിഞ്ഞു നിണമാര്ത്തങ്ങോലിലിച്ചു  നിജ

ജേഷ്ടസ്സമീപമവൾ ചെന്നൂ

കഥയത് പറഞ്ഞു മതിയത് മറിഞ്ഞു

ദനുജനുടനടവിയിലെ മനുജരൊടു പകതീർക്കു

വതിനായി നിശ്ചയമെടുത്തൂ

-----------------------------------------------------

മാരീചനോടു പൊൻ  മാനിന്റെ വേഷവുമണിഞ്ഞു ജാനകിതന്റെ യുള്ളില്

മോഹവുമുതിർപ്പാന് കല്പ്പനയതേകി

ദാശരഥി യെയ്ത ശര മൂര്ച്ഛയതിൽ മാരീചന്

ദേഹിയുമൊഴിഞ്ഞു മൃതനായീ

------------------------------------------------

സന്യാസി വേഷവുമെടുത്താ ധരാത്മജയെ ദൈത്യൻ കടന്നപഹരിച്ചൂ

പുഷ്പകമതേറി ലങ്കയിൽ ഗമിച്ചു

കീശവരസൈന്യമൊടു സഖ്യമത് ചെയ്തു രഘു

രാമൻ ദശാസ്യനെ അറിഞ്ഞൂ

--------------------

പവനാത്മാജൻ ഭക്ത ഹനുമാനുമബ്ധിയതു തരണവും ചെയ്തു ഭൂസുതയെ

കണ്പാര്ത്ത് നൽകീ രാമ സന്ദേശം

മരതകമണി ദ്വീപ ലങ്കയതിനെ കീശ വരനുടൻ ചാമ്പലായ് തീർത്തൂ.

--------------------------------------------------

അഞ്ജനാ പുത്രനുടെ തോളില് കരേറി രഘു രാമന് ദാശാസ്യനുടെ നേരെ

ബ്ഹ്മശരമെയ്തു ബ്രഹ്മപദമേകി

രാമൻ

പര പത്നീ യപഹരണം ചെയ്തവളുടെ പതിയാകാൻ

കിണയുന്നൊരു രാക്ഷസ തവ തല പത്തു മരിഞ്ഞാ

മരണത്തിനു നല്കരുതെന്നാകിലുടൻ ജാനകിയെ

ഇങ്ങു സമർപ്പിക്കിലഹം വെറുതെവിടാം നിന്നെ

രാവണൻ

ചന്ദ്രഹാസ വാള്മുനക്ക് നിന്റെ ഹാസമാർന്നോരാസ്യ

മിന്നരിഞ്ഞു വീഴ്ത്തിടാനതീവ മോഹവും

എന്റെ സോദരിക്കു മാനഭംഗ മന്നു ചെയ്തതിന്നു

സീത തന്റെ മാനഭംഗ മെന്റെ ലക്ഷ്യവും.

രാമൻ

കലി പൂണ്ടൊരു കോദണ്ഡ മുറഞ്ഞാടും വലതു കരം

ഒരു ശരമത് ശത ശരമാ യെയ്തായിര ശരമുനകള്

നിന്നുടലൊരു മണ്കുടമെന്നതു പോലെയുടച്ചുടലില്

നിന്ന് ഭവാനുടെ ദേഹിക്കെകാം മോചനവും

(രാമ രാവണ യുദ്ധം ..രാവണൻ വധിക്കപ്പെടുന്നു.)

ദശമുഖ സഹോദരിയും രഘുവരസമീപമുടൻ

വിവശമനമോടവ ൾ  അണഞ്ഞൂ

രാമ രാവണ യുദ്ധത്തിനു  ശേഷം.

ശ്രീ രാമനും ലക്ഷ്മണനും ഇരിക്കുന്നിടത്തേക്ക്  അനാഥ ആയ ശൂർപ്പണഖ വരുന്നു.

**പ്രണയിനി യായതിനിന്നു തന്ന കടുതാം ശിക്ഷക്ക് പാത്രീഭവി –**

**ച്ചതി വിധുരം നിജ ഭ്രാതൃ ഹത്യ യത് ചെയ്തുള്ളോരു രാമന്റെ കാ ൽ**

**ത്തണലില ണഞ്ഞു കരഞ്ഞു ചൊന്ന രജനീ സഞ്ചാരിണീ തന് ഗിരം**

**സഹതപനത്തൊടു കേട്ട് സുസ്മിതനവന് ചൊന്നാൻ ബദ ൽ രാമനും.**

ഇല്ലേ പെണ്ണായുള്ളൊരുവൾക്ക് ഭവാനെ പ്രണയിപ്പാനവകാശം

രാമാ സർവ്വ ഗുണാത്മക നിന്നെ പ്രേമിച്ചതിനൊരു ശിക്ഷയിതോ.

നിന്നുടെ അനുജൻ നീ താനെന്നറിയാത്തവരാരുണ്ടീ ഭൂവില്..

ഭർത്താവും ഭ്രാതാവും പുത്രനു മിന്നു വെടിഞ്ഞൊരനാഥയഹം.

വറ്റി വരണ്ടൊരുൾകണ്ണില് നിന്നശ്രു വമിക്കുന്നില്ലെന് രാമാ

കത്തി നശിച്ചൊരു ചിത്താരിൽ നിന്നുയരുന്നൂ ധൂമം

പ്രേമം സത്യമതെങ്കിൽ ശാപം കൊള്ളുക നീ രാമാ

ഇനിയൊരു ജന്മമുണ്ടെങ്കി ൽ ഭവാനെ പ്ര

ണയിച്ച നിരവധി വനിതകളെ

യഖിലം ഭവാനുടെദാരങ്ങളായ് സ്വീ-

കരിച്ച്ചിടാൻ യോഗം നിനക്ക് ഭവിക്കും

എന്നുടെ  ശാപമിത് രാമാ.

രാമൻ

മൃത്യു പുണര്ന്നിടും കാലം വരുവോളം

ഏക പത്നീ വ്രതം നോറ്റ് ജീവിച്ചിടാൻ

ഞാനും നിയുക്തനാണെന്നറിഞ്ഞിടുക

രാവണ സോദരീ ശൂർപ്പണഖേ

കൃഷ്ണനായ് ജന്മ മെടുത്ത് ഞാന് ദ്വാപര

യുഗമതിൽ ഗോകുലം തന്നില്  വാണീടവേ

കുബ്ജയായ് നീ എന്നരികില് വന്നെന്നുടെ

പ്രേമവും സ്വീകരിച്ച്ചീടായ് വരും

അന്ന് നാം ഒന്നായ്  ഭവിച്ചീടുമെന്ന

വരം നിനക്കായി ഞാന് നൽകിടുന്നു.

*****************************************************************************************************